കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 4/1452/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 11/12/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് 2018 - 2019 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം,
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി 4/1452/19 തീയതി:11/12/2019

**<u>കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2018 - 2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2018 - 2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.12.2018 മുതൽ 31.07.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.08.2019 മുതൽ 20.08.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അജി.കെ.എസ്സ്. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.സിന്ധു.ടി | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ചന്ദ്രപ്രകാശ്.സി | സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.വിഷ്ണുപ്രിയ.കെ | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൻ.വിജയൻ | 01.04.2018 മുതൽ 07.02.2019 വരെ |
| | ശ്രീ.ക്ലീറ്റസ്.ജെ | 08.02.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.എം.ജ്യോതിരാജ് | 01.04.2018മുതൽ 02.04.2018വരെ |
| | ശ്രീ.ബി.വിനയകുമാർ | 03.04.2018 മുതൽ |

| | | |
|---|---|---|
| | | 17.04.2018 വരെ |
| | ശ്രീ.എം.ജ്യോതിരാജ് | 18.04.2018മുതൽ<br>31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.റീജ.എസ്സ്.ധരൻ | 01.04.2018 മുതൽ<br>20.08.2018 വരെ |
| | ശ്രീമതി.സുമി മോഹൻ | 21.08.2018 മുതൽ<br>31.03.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി.സോഫ്ജി ശേഖർ | 01.04.2018 മുതൽ<br>04.04.2018വരെ |
| | ശ്രീ.ഷൈനു.എസ്സ്.പ്രഭ | 05.04.2018 മുതൽ<br>10.06.2018 വരെ |
| | ശ്രീമതി.ശ്രീജയ | 11.06.2018 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സോജ | 01.04.2018 മുതൽ<br>05.01.2019 വരെ |
| | ഡോ.ബിന്ദു | 06.01.2019 മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സനൽകുമാർ | 01.04.2018 മുതൽ<br>07.07.2018 വരെ |
| | ശ്രീമതി.ഷീബാഫ്രാൻസിസ് | 08.07.2018മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.അനുപമ അലക്സ് | 01.04.2018 മുതൽ<br>27.06.2018 വരെ |
| | ഡോ.പ്രഭ.കെ.നമ്പൂതിരി | 28.06.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>ആയുർവേദം | ഡോ.കെ.എസ്സ്.പ്രമോദ് കുമാർ | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ആനി.എൽ.ആർ | 01.04.2018 മുതൽ<br>03.07.2018 വരെ |
| | ശ്രീമതി.ജയശ്രീ.എ | 04.07.2018മുതൽ<br>29.08.2018 വരെ |
| | ശ്രീമതി.ജയശ്രീ.എൽ.ആർ | 30.08.2018 മുതൽ<br>13.11.2018 വരെ |
| | ശ്രീമതി.കൃഷ്ണകുമാരി അമ്മ | 14.11.2018 മുതൽ<br>31.03.2019 വരെ |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ഡെയ്സി സാമുവൽ | 01.04.2018 മുതൽ 31.03.2019 വരെ |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബി.വിനയകുമാർ | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീമതി.എൽ.ജയലക്ഷ്മി | 21.06.2018 മുതൽ 02.07.2018 വരെ |
| | ശ്രീമതി.ശോഭന.പി | 03.07.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വിഷ്ണു.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.കെ.പി.ബാബു | 01.04.2018 മുതൽ 17.04.2018 വരെ |
| | ശ്രീ.ദീപു.ടി | 18.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 13 | കമ്മ്യൂണിറ്റി ഹാൾ പ്രവർത്തനം മെച്ചപ്പെടുത്തണം | 1-12 |
| 14 | ബിൽഡിംഗ് പെർമിറ്റ് അവലോകനം | 1-13 |
| 15 | പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം - നികുതി നിർണ്ണയ വിവരശേഖരണ ഫോറം തയ്യാറാക്കുന്നില്ല. | 1-14 |
| 16 | വസ്തുനികുതി നിർണ്ണയം -എയർകണ്ടീഷനിംഗിനുള്ള ആനുപാതിക വർദ്ധനവ് വരുത്തിയിട്ടില്ല. | 1-15 |
| 17 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ | 1-16 |
| 18 | നിർമ്മാണം അനന്തമായി നീണ്ടുപോകുന്നു. നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല. | 1-17 |
| 19 | വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-18 |

| | | |
|---|---|---|
| 20 | ആശ്രയ പദ്ധതി -വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് സി .ഡി.എസ്സിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു. | 1-19 |
| 21 | എസ്.സി വിദ്യാർഥികൾക്ക് പഠനമുറി പണി പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 22 | ലൈഫ് പദ്ധതി | 1-21 |
| 23 | 2018-2019 വർഷം അലോപ്പതി വിഭാഗം മരുന്ന് വാങ്ങൽ പദ്ധതി 7,17,030 രൂപ ചെലവഴിച്ചുവെങ്കിലും -മരുന്നുകളൊന്നും ലഭ്യമായിട്ടില്ല | 1-22 |
| 24 | എം.ജി.എൻ.ആർ.ഇ.ജി.എസ്സ് വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ -അനുബന്ധരേഖകളില്ല. | 1-23 |
| 25 | ആസ്തികൾ സംരക്ഷിക്കപ്പെടുന്നില്ല | 1-24 |
| 26 | അനധികൃതമൊബൈൽടവർ - നാളിതു വരെ കെട്ടിടനികുതി ഡിമാന്റ്ചെയ്ത് ഈടാക്കിയിട്ടില്ല ,വരവിനത്തിൽ നഷ്ടം - 1,89,525/-രൂപ | 1-25 |
| 27 | കരാർലംഘനം നടത്തിയ സ്വകാര്യ സ്ഥാപനത്തിൽ നിന്നും കൂടിയ നിരക്കിൽ ഫർണ്ണീച്ചറും ഉപകരണങ്ങളും വാങ്ങി,നിരാകരിക്കുന്ന തുക – 1,32,750/- | 1-26 |
| 28 | എൽ.ടി.സി. അനുവദനീയമായതിൽ അധികം തുക അനുവദിച്ചിരിക്കുന്നു | 1-27 |
| | ഭാഗം 2<br>ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 29 | എൽ.ടി.സി. അനുവദനീയമായതിൽ അധികം തുക അനുവദിച്ചിരിക്കുന്നു | 3-1 |
| 30 | കരാർലംഘനം നടത്തിയ സ്വകാര്യ സ്ഥാപനത്തിൽ നിന്നും കൂടിയ നിരക്കിൽ ഫർണ്ണീച്ചറും ഉപകരണങ്ങളും വാങ്ങി,നിരാകരിക്കുന്ന തുക – 1,32,750/- | 3-2 |
| | ഭാഗം4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 31 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 35 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 36 | സ്ഥിര നിക്ഷേപം | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 39 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 41 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 42 | അനുബന്ധം1, ഓഡിറ്റ് സാക്ഷ്യപത്രം, 2018-2019 | 1 |
| 43 | അനുബന്ധം2, അനുബന്ധ പത്രികകൾ | 2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

26.03.2018 തീയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 12.02.2019 തീയതിയിലെ 2/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 22.05.2019 | --- | --- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2913409.44 |
| വരവ് | 82445310 |
| ആകെ | 85358719.44 |
| ചെലവ് | 76485860 |
| നീക്കിയിരിപ്പ് | 8872859.44 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 14765000 | 14765000 | 14665927 | 99073 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 11078000 | 11078000 | 11078000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 100000 | 100000 | 5139356 | 1720644 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6860000 | 6860000 | 5139356 | 1720644 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3007000 | 3007000 | 2331733 | 675267 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9485493 | 9485493 | 6657176 | 2828317 |
| സാക്ഷരത | | 1005 | 0 | 1005 | 0 | 1005 |
| ദുരിതാശ്വാസനിധി | | 271918 | 11950 | 283868 | 14000 | 269868 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 28524145 | 28524145 | 28524145 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 28048 | 583557 | 611605 | 599030 | 12575 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | 1205510 | 619669 | 1825179 | 682233 | 1142946 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്സ് | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ടി.എസ്സ്.സി | | 0 | 252888 | 252888 | 0 | 252888 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 569824 | 3916500 | 4486324 | 3164100 | 1322224 |
| | ജില്ലാ പഞ്ചായത്ത് | 0 | 4618222 | 4618222 | 2508573 | 2109649 |
| ബി ഫണ്ട് | | 0 | 321000 | 321000 | 321000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 837104 | 23009239 | 23846343 | 23759403 | 86940 |
| | ട്രഷറി അക്കൗണ്ട് | 0 | 9240093 | 9240093 | 5565326 | 3674767 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 150340167 | 110 | 60193270 | 30 | 10 | 93.3% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1) കിഴക്കേകല്ലട കമ്മ്യൂണിറ്റി ഹാളിൽ എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്

2) തോട്ടത്തിൽ മുക്ക് റോഡ് ചാലിൽ ഭാഗം സൈഡ് പ്രൊട്ടക്ഷനും കോൺക്രീറ്റ് മെയിന്റനൻസ്

3) റോഡുകളിൽ കല്ലുകൾ സ്ഥാപിച്ച് ചെയിനേജ് രേഖപ്പെടുത്തൽ

4) ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രതിമാസ വേതനം

5) അങ്കണവാടി നിർമ്മാണം

6) മണൽകടവ് കോട്ടുത്തററോഡ് രണ്ടാംഘട്ട മെറ്റലിംഗും ടാറിംഗും

7) കോട്ടുത്തറ തുപ്പാശ്ശേരിൽ റോഡ് രണ്ടാംഘട്ട മെറ്റലിംഗും ടാറിംഗും

8) കൈലാത്ത് മുക്ക് ചീക്കൽ ഭരണിക്കാവ് റോഡ് റീ ടാറിംഗും കോൺക്രീറ്റിംഗും

9) ഉപ്പൂട് ജംഗ്ഷൻ ആറ്റുവരമ്പ് മാവന്നൂർ റോഡ് റീടാറിംഗ്

10) മൂന്ന് തെങ്ങിനാൽ മുക്ക് വെള്ളിയോട്ട് പള്ളിമുക്ക് റീടാറിംഗ്

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 28048 | 583557 | 611605 | 599030 | 12575 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 28524145 | 28524145 | 28524145 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 201000 | 128 |
| കർഷകതൊഴിലാളി പെൻഷൻ | 2268400 | 174 |
| വിധവാപെൻഷൻ | 11510400 | 1066 |
| വാർദ്ധക്യകാലപെൻഷൻ | 15873600 | 1699 |
| വികലാംഗപെൻഷൻ | 3993700 | 342 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 481100 | 43 |
| വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5262/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

- ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
- അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

- വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
- തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ. (സർക്കുലർ നം.58725/എഫ്.എം.3/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ തനതു ഫണ്ടിനുള്ള ഒരു അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് വേണ്ടി ഒരു ബാങ്ക് അക്കൗണ്ടുകൂടി നിലനിർത്തിയിരിക്കുന്നു.
- സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

.കെട്ടിടനികുതി 100% പിരിച്ചെടുത്തിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങളും കാലാകാലങ്ങളിൽ കെട്ടിടങ്ങളിൽ വരുത്തുന്ന ഘടനാപരമായ മാറ്റങ്ങളും വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി, നികുതി ഈടാക്കുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാന വർദ്ധനവിന് പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുകയും നിലവിലുള്ളവ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്.തൻവർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ ഫോം-6- "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നില്ല.

- പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളുടെ വിവരങ്ങൾ (പ്രമാണത്തിലെ വിവരങ്ങൾ) എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. വസ്തുവകകളുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കുന്നു.

.ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും വീടിന്റെ വാല്യുവേഷൻ വാങ്ങി സൂക്ഷിക്കുന്നില്ല.
.തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തൊഴുത്ത് നിർമ്മാണം മുതലായ ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്.
. 4 മരാമത്ത് പ്രവൃത്തികൾ കരാറുകാരൻ ഉപേക്ഷിച്ചു പോയതിനാൽ റദ്ദ് ചെയ്ത് പുതിയ കരാറുകാരനെ ടെണ്ടർ/ക്വട്ടേഷൻ വഴി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.06.2019 – 11.06.2019 | 4/2019 - 06/2019 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2015 | 1997-98 മുതൽ 2007-08 വരെ | 06.02.2015 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. RP 40(a), RP 40(b) എന്നിവയിലുൾപ്പെട്ടിട്ടുള്ള എസ്.ബി.റ്റി സാക്ഷരതാ അക്കൗണ്ട് നിലവിലില്ലെങ്കിലും നീക്കിയിരിപ്പായി RP 40(b) യിൽ 1005/- രൂപ ഉൾപ്പെട്ടിരിക്കുന്നു.

2.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അഡ്മിനിസ്ട്രേറ്റീവ് ചെലവ് 599030/- രൂപയാണെങ്കിലും ചെലവായി RP 16 ൽ ഉൾപ്പെട്ടിട്ടുള്ളത് 580337 രൂപയാണ്.

3. ബാലൻസ് ഷീറ്റ് പ്രകാരം ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് നീക്കിയിരിപ്പ് തുക 3251873 രൂപയാണ്. RP 40(b) ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൌണ്ട് നീക്കിയിരിപ്പ് തുക 2897092/- രൂപയാണ്. 354781/- രൂപയുടെ വ്യത്യാസം കാണുന്നു.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

5. ജില്ലാ പഞ്ചായത്ത് വരവ് തുകയിൽ യഥാർഥ വരവും വാർഷിക കണക്ക് പ്രകാരമുള്ള വരവും തമ്മിൽ 63000 രൂപയുടെ വ്യത്യസം കാണുന്നു.

**ABSTRACT OF DEFECTS/DISCREPANCIES**

1. SBT Literacy Acount having closing balance of Rs. 1,005/- included in RP 40(a) & 40 (b) is not an existing account.
2. Actual Administractive expenditure of MNREGS included in the Register is rs.599030/-. But the figure included in AFS RP -16 is Rs. 580337/-.
3.Closing balance of Joint venture Account as per balance sheet (B4) is Rs.3431873/-. But the closing balance of treasury Joint venture account in RP 40(b) is Rs.2897092/-. The differene of Rs.534781/- is yet to be rectified.
4. Asset Register not updated.
5. Jilla Panchayath Receipt as per Register is Rs.4681222/- and as per AFS RP -31 is Rs. 4618222/-. A difference of Rs. 63000/- is noted in respect of Jilla Panchayath receipt.

## 1-12 കമ്മ്യൂണിറ്റി ഹാൾ പ്രവർത്തനം മെച്ചപ്പെടുത്തണം

പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 1983ൽ പണി പൂർത്തീകരിച്ച കെട്ടിടമാണ് കമ്മ്യൂണിറ്റി ഹാൾ . കാലാകാലങ്ങളിൽ പദ്ധതികൾ രൂപീകരിച്ച് മെയിന്റനൻസ് പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. 2018-19 വർഷവും കമ്മ്യൂണിറ്റി ഹാൾ നവീകരണത്തിനായി 12,75,580/-രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള പരിപാടികൾ, വിട്ടുകിട്ടിയ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഏജൻസികൾ, രാഷ്ട്രീയ പാർട്ടികൾ,സാമൂഹിക സംഘടനകൾ എന്നിവയുടെ പരിപാടികൾ എന്നിവയ്ക്ക് മാത്രമാണ് നിലവിൽ ഹാൾ വാടകയ്ക്ക് നൽകുന്നത്. ഭൗതിക സാഹചര്യങ്ങൾ ഇല്ലാത്തതിനാൽ വിവാഹം തുടങ്ങിയ ചടങ്ങുകൾക്ക് നിലവിൽ ഹാൾ വാടകയ്ക്ക് നൽകുന്നില്ല എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിരിക്കുന്നത്. വർഷങ്ങളായി വാടകയിനത്തിൽ 500/-രൂപയും ക്ലീനിംഗ് ചാർജായി 250/-രൂപയുമാണ് ഈടാക്കി വരുന്നത്. പാർട്ടികൾ തന്നെ ക്ലീനിംഗ് പൂർത്തീകരിച്ചാൽ ക്ലീനിംഗ് ചാർജ് തിരികെ നൽകുന്നു. 2018-19 വർഷം 10 പാർട്ടികൾക്ക് വാടകയ്ക്ക് നൽകിയ ഇനത്തിൽ 5250രൂപ വരവുണ്ട്.

കമ്മ്യൂണിറ്റിഹാൾ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെചേർക്കുന്നു.

* കമ്മ്യൂണിറ്റിഹാൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച നിയമാവലി ഹാജരാക്കിയില്ല.
* 10 പാർട്ടികൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടക ഈടാക്കിയിട്ടുള്ള 3പേരുടെ അപേക്ഷ മാത്രമെ ഹാജരാക്കിയിട്ടുള്ളു. ഹാൾ വാടകയ്ക്ക് എടുക്കുന്ന എല്ലാവരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് ,ദിനംപ്രതിയുള്ള ഹാളിന്റെ ബുക്കിംഗ് സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
* കമ്മ്യൂണിറ്റിഹാളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിച്ച് ,നിയമാവലി തയ്യാറാക്കി വിവാഹം തുടങ്ങിയ ചടങ്ങുകൾക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ദിനംപ്രതിയുള്ള ഹാളിന്റെ ബുക്കിംഗ് സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 5 / 14.08.2019

## 1-13 ബിൽഡിംഗ് പെർമിറ്റ് അവലോകനം

2018-19 വർഷം കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിൽ 159 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ ലഭ്യമായിട്ടുണ്ട് ഇവയിൽ140എണ്ണത്തിന് പെർമ്മിറ്റ് അനുവദിക്കുകയും വിവിധ കാരണങ്ങളാൽ 19എണ്ണം നിരസിക്കുകയും ചെയ്തു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡേറ്റാബാങ്കിൽ ഉൾപ്പെട്ടവ – 4

മതിയായ പെർമ്മിറ്റ് ഫീസ് ഒടുക്കാത്തവ – 1

അസ്സിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട

അപാകതകൾ പരിഹരിച്ച് നൽകിയിട്ടില്ലാത്തവ – 7

ന്യൂനതകളോട് കൂടിയവ വീണ്ടും സമർപ്പിച്ചതിനാൽ നിരസിച്ചവ - 5

തീരദേശ പരിപാലന അതോറിട്ടിയുടെ അംഗീകാരം ആവശ്യമുള്ളത് - 1

അപേക്ഷകൻ മരിച്ചതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിയാത്തത് - 1

## 1-14 പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം - നികുതി നിർണ്ണയ വിവരശേഖരണ ഫോറം തയ്യാറാക്കുന്നില്ല.

2018-19 വർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ കെട്ടിടഉടമ നൽകിയ പെർമ്മിറ്റ്/ക്രമവൽക്കരണ അപേക്ഷ , ഫോം2ൽ വസ്തുനികുതി നിർണ്ണയ റിട്ടേൺ, ഓവർസിയർമാർ സമർപ്പിച്ച റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് നമ്പർ 20/2011,തസ്വഭവ 14.01.2011 പ്രകാരം പഞ്ചായത്തിൽ നിന്നുള്ള ഉദ്യോഗസ്ഥൻ പരിശോധന നടത്തി നികുതി നിർണ്ണയ വിവരശേഖരണഫോറം (ഫോം 6 )തയ്യാറാക്കുന്നില്ല. ടി റിപ്പോർട്ട് ഇല്ലാതെ തന്നെ സഞ്ചയയിൽ നികുതിതുക നിർണ്ണയിച്ച് ഡിമാന്റ് ചെയ്യുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇപ്രകാരം സഞ്ചയയിൽ രേഖപ്പെടുത്തി തയ്യാറാക്കിയ ഫോം 6 മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ആയത് അംഗീകരിക്കാനാകില്ല. വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് തയ്യാറാക്കിയ ഫോം 6 റിപ്പോർട്ട് ഇല്ലാതെ നികുതി നിർണ്ണയം നടത്തി വരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ കെട്ടിടം പരിശോധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതിനിർണ്ണയ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി തുക നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി നിർണ്ണയം -എയർകണ്ടീഷനിംഗിനുള്ള ആനുപാതിക വർദ്ധനവ് വരുത്തിയിട്ടില്ല.

കല്ലട ടൗൺ വാർഡിൽ ശ്രീ.സുഭാഷ്.ആർ, ചരുവിളവീട്, വെണ്ടാർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള റോയൽ കല്ലട റസിഡൻസി എന്ന പേരിൽ ഹോട്ടൽ പ്രവർത്തിക്കുന്നുണ്ട്. (കെട്ടിടനമ്പർ IX/514,515,516). മൂന്നുനിലയുള്ള കെട്ടിടത്തിലെ ഓരോ നിലയ്ക്കും ഓരോ നമ്പരാണ് നൽകിയിട്ടുള്ളത്. പഞ്ചായത്തിലെ രേഖകൾ പ്രകാരം ഓരോ നിലയുടേയും വിസ്തീർണം 554.08 ചതുരശ്രമീറ്റർ വീതമാണ്. ഇവിടെ എ.സി സ്ഥാപിച്ചിട്ടുള്ള മുറികളാണ് നിലവിലുള്ളത് എന്ന് 20.08.2019 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന്റെ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വസ്തു നികുതി നിർണ്ണയ ഫോമിൽ (ഫോം6 ) എയർകണ്ടീഷനിംഗിന്റെ അടിസ്ഥാനത്തിലുള്ള 10% വർദ്ധനവ് കൂടി ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല. ടി വർദ്ധനവ് കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി ഇപ്രകാരം ഘടനയിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടുള്ളതും എന്നാൽ ആനുപാതികമായ വസ്തുനികുതി വർദ്ധനവ് വരുത്തി നികുതി ഈടാക്കിയിട്ടില്ലാത്തതുമായ സമാനമായ കെട്ടിടങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിൽ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

1.<u>ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല</u>

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോവാർഡിലും എത്രസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 239 സ്ഥപനങ്ങൾക്കാണ് ഫീസ് ഈടാക്കി ഡി ആന്റ് ഒ ലൈസൻസ് നൽകിയിട്ടുള്ളത്. . പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള എണ്ണം കണക്കാക്കി നിയമാനുസൃതമായി പ്രവർത്തിക്കുന്ന എല്ലാസ്ഥാപനങ്ങൾക്കും ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് നൽകുന്നതിനും ആയത് വഴി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.<u>ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ ഡയറിഫാം പ്രവർത്തിക്കുന്നു</u>

2018-19 വർഷം ഡയറിഫാം അസ്സസ്സ് ചെയ്തിട്ടുള്ള ശ്രീമതി.ടി.എസ്സ്.ചന്ദ്രലേഖ, ചൈത്രഗോകുലം, പഴയാർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള II/617ാം നമ്പർ

കെട്ടിടത്തിന്റെ ഉപയോഗക്രമം ഡയറിഫാം പ്രവർത്തിക്കുന്നതിനായിട്ടുള്ളത് എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രസ്തുത ഡയറിഫാം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം 6(3)i,ii പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ആരോഗ്യപരവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തി ലൈസൻസ് നൽകേണ്ടതും അല്ലാത്തപക്ഷം അവ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും പഞ്ചായത്തിന്റെ ചുമതലയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലൈസൻസ് എടുക്കുന്നതിന് അടിയന്തിരമായി അറിയിപ്പ് നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-15/19.08.2019

3.<u>മെഷീൻ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല</u>

ഒമ്പതാം വാർഡിൽ സ്ഥിതി ചെയ്യുന്ന റോയൽകല്ലട റസിഡൻസി എന്ന ഹോട്ടലിൽ 2.2 കിലോവാട്ട് വീതമുള്ള രണ്ട് മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നുണ്ട് എന്ന് 20.08.2019 ൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ലൈസൻസ് ഫീസിനോടൊപ്പം ആയതിന്റെ മെഷീൻ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-17 നിർമ്മാണം അനന്തമായി നീണ്ടുപോകുന്നു. നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

പ്രോജക്ട് നം 133/18, 133/19

കിഴക്കേകല്ലട കമ്മ്യൂണിറ്റി ഹാൾ ടോയ്ലെറ്റ് നിർമ്മാണം

അടങ്കൽ തുക – 6,90,655/-

(വികസന ഫണ്ട് - 6,00,000/-

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 90,655/-)

കരാറുകാർ–

1. ശ്രീ.ഖുറേഷി

2. ശ്രീ.ശശികുമാർ

പഞ്ചായത്തുവക കമ്മ്യൂണിറ്റി ഹാളിലെ ടോയ്ലെറ്റ് നിർമ്മാണത്തിനായി ആദ്യം കരാർ ഏറ്റെടുത്തിരുന്ന ശ്രീ.മുഹമദ് ഖുറേഷി പ്രവർത്തി ഇടയ്ക്ക് വച്ച് ഉപേക്ഷിച്ചുപോയതിനാൽ ടിയാന്റെ കരാർ റദ്ദ്ചെയ്ത് പുതിയകരാറുകാരന് വർക്ക് നൽകിയിരുന്നു. എന്നാൽ ടിയാനും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. എഗ്രിമെന്റ് പ്രകാരമുള്ള കാലാവധി കഴിഞ്ഞിട്ടും സപ്ലിമെന്ററിഎഗ്രിമെന്റ് വയ്ക്കുകയോ നൽകിയിട്ടുള്ള പാർട്ട്ബില്ലുകളിൽ നിന്നും

റിട്ടെൻഷൻ തുക ഈടാക്കുകയോ ചെയ്തിട്ടില്ല. ടി വിഷയം സംബന്ധിച്ച് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ടി വർക്കുമായി ബന്ധപ്പെട്ട അപാകതകൾ താഴെ വിവരിക്കുന്നു

ആദ്യം ടെണ്ടർലഭിച്ച മുഹമ്മദ് ഖുറേഷിയുമായി 14/17-18,24.02.2018,പ്രകാരം 4 മാസത്തെ കാലാവധിക്ക് എഗ്രിമെന്റ് വച്ചിരുന്നെങ്കിലും, ടിയാൻ വർക്ക് ആരംഭിച്ചിട്ട് നിർത്തി വയ്ക്കുകയും നോട്ടീസ് നൽകിയെങ്കിലും വർക്ക് പുനരാരംഭിക്കുകയും ചെയ്യാത്ത സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്തു. ഒന്നാം പാർട്ട് ബിൽ കൈപ്പറ്റിയിരുന്നെങ്കിലും ആയതിൽ നിന്നും റിട്ടെൻഷൻ തുക ഈടാക്കിയില്ല.

ആകെ വർക്ക് മൂല്യം - 97132/-

വാറ്റ് - 971

നിർമ്മാണ ക്ഷേമ നിധി വിഹിതം- 971

ആകെ - 95190/-കൂടാതെ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വർക്കിന് അംഗീകൃത നിരക്ക് പ്രകാരമുള്ള ആകെ മൂല്യത്തിന്റെ 30%വരുന്ന തുക കരാർ ടെർമിനേറ്റ് ചെയ്യപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.പ്രകാരം കരാറിൽ ഏർപ്പെട്ടെങ്കിലും പൂർത്തിയാക്കാൻ അവശേഷിക്കുന്ന പ്രവർത്തിയുടെ മൂല്യത്തിൽ വാല്യൂവേഷൻ കണക്കാക്കി ക്വട്ടേഷൻ ക്ഷണിച്ച് പുതിയ കരാറുകാരന് എസ്റ്റിമേറ്റ് റേറ്റിൽ അനുവദിച്ചു. എഗ്രിമെന്റ് നം - 40/18-19, തീയതി 20.11.2018.പ്രകാരം കരാറിൽ ഏർപ്പെട്ടെങ്കിലും

കരാർ കാലാവധി കഴിഞ്ഞിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് കാലാവധി നീട്ടി നൽകിയിട്ടില്ല. താഴെ പറയും പ്രകാരം പാർട്ട് ബില്ലുകൾ നൽകിയെങ്കിലും റിട്ടെൻഷൻ തുകയും ഈടാക്കിയിട്ടില്ല. നാളിതുവരെ സപ്ളിമെൻററി എഗ്രിമെന്റ് വക്കുകയോ നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

ബിൽ നം - 352/23.03.19 ,73649/-

ബിൽ നം - 351/23.03.19 , 96055/-

20.08.2019 ൽ നടത്തിയ സ്ഥലപരിശോധനയിൽ 6 ടോയ്‌ലെറ്റുകളുള്ള കെട്ടിടത്തിന്റെ ടൈൽ ഇടീലും പെയിന്റിംഗും ഇനി ബാക്കിയുണ്ട്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116-2-1 അനുസരിച്ച് പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഭാഗത്തിന് അംഗീകൃത നിരക്ക് പ്രകാരമുള്ള ആകെ മൂല്യത്തിന്റെ 30% വരുന്നതുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുന്നതിന് ഉപേക്ഷയുണ്ടായതായി കാണുന്നു. എഗ്രിമെന്റിന്റെ പകുതിയിലേറെ വർക്ക് മൂല്യത്തിലുള്ള പ്രവർത്തികൾ ഇനിയും പൂർത്തീകരിക്കാനുള്ള സാഹചര്യത്തിൽ അടിയന്തിരമായി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ച് വർക്ക് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നിയമാനുസൃത ഫൈൻ ഈടാക്കി മാത്രം പൂർത്തീകരണകാലാവധി ദീർഘിപ്പിക്കേണ്ടതുമാണ്. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ 169704/-രൂപ

തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സം – 169704

## 1-18 വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല

2018-19 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണോദ്യോഗസ്ഥൻ | പദ്ധതി | അടങ്കൽ തുക | ചെലവ് തുക (രൂപ) | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (നം.164/19) | 177731 (വികസന ഫണ്ട്) 220000/- (സി.എഫ്.സി) | 383837/- | 10/18-19/17.7.18-220000/- 163837/-11/18-19/17.7.18 | കേരള ഇലക്ട്രിസിറ്റി ബോർഡിൽ തുക ഒടുക്കു വരുത്തി. |
| 2. | വെറ്റിനറി സർജൻ | കന്നുകുട്ടി പരിപാലന പദ്ധതി (28/19) | 375,000/- (വികസന ഫണ്ട്) | 375,000/- | 2/18-19/26.10.18 | എസ്.എൽ.ബി.പിയ്ക്ക് (കൊല്ലം) നൽകി |
| | | | ആകെ | 758837 രൂപ | | |

ചെലവിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 758837 /-രൂപ

## 1-19 ആശ്രയ പദ്ധതി -വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് സി .ഡി.എസ്സിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
|---|---|
| പദ്ധതി,നം | ആശ്രയ പദ്ധതി(30/19) |
| അടങ്കൽ തുക | 5,00,000/- (വികസന ഫണ്ട്) |
| ചെലവ് തുക | 500000/-<br>(3/18-19/11.9.18-450000&2/18-19/11.9.18-50000) |

ആശ്രയ പദ്ധതിയ്ക്കായി 2018-19 വർഷം 5,00,000/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഈ തുക 2018-19 വർഷം ചെലവഴിക്കാതെ സി.ഡി.എസ്സിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ തുക ഉൾപ്പെടെ സി.ഡി.എസ്സിന്റെ അക്കൗണ്ടിൽ 31.03.2019 വരെ 3690615/- രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. ഇതിൽ ചലഞ്ച് ഫണ്ട് തുകയായ 1062004 രൂപയും ഉൾപ്പെടുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ആശ്രയ മൂന്നാംഘട്ടം പ്രോജക്ട് അംഗീകാരത്തിനായി ഗവൺമെന്റിൽ സമർപ്പിച്ചിരുന്നുവെന്നും പ്രോജക്ട് അംഗീകാരത്തിനുള്ള കാലതാമസം മൂലമാണ് തുക ചെലവഴിക്കാൻ കഴിയാതിരുന്നതെന്നും 2019-10 വർഷം തുക ചെലവഴിക്കുന്നതിന് എഗ്രിമെന്റ് വച്ചിട്ടുണ്ട് എന്നുമാണ്. ആശ്രയപദ്ധതിയിൽ 2008-09 മുതൽ തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുകയും , ഭീമമായ തുക അക്കൗണ്ടിൽ ശേഷിക്കുമ്പോഴും ഗുണഭോക്താക്കൾക്ക് ഒരു പ്രയോജനവും ഇല്ലാത്ത അവസ്ഥയുമാണ് ഉണ്ടായിട്ടുള്ളത്. ഈ വിഷയത്തിലേക്ക് അധികാരികളുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.അടിയന്തിരമായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 11/19.08.2019

## 1-20 എസ്.സി വിദ്യാർഥികൾക്ക് പഠനമുറി പണി പൂർത്തീകരിച്ചിട്ടില്ല

| നിർവഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
|---|---|
| പദ്ധതി,നം | എസ്.സി.വിദ്യാർത്ഥിക്ക് പഠനമുറി(30/19) |
| അടങ്കൽ തുക | 30,00,000/-<br>(വികസന ഫണ്ട്എസ്.സി.പി) |
| ചെലവ് തുക | 2200000/- |

ടി പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 2,00,000/- രൂപ വീതം അനുവദിച്ച് നൽകാനായിരുന്ന പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ചുവടെ ചേർക്കുന്ന

ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് വിവരം | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | സുജാത, സുനിത്ത്, ലാൽ ഭവനം, ഠൌൺ വാർഡ് | 100000<br>(2219/13.9.18-50000<br>9157/30.11.18-50000) | |
| 2 | ഉഷ.ജെ, ജസ്റ്റിൻ, കളപ്പുറത്ത് കിഴക്കതിൽ, പഴയാർ | 150000<br>(5411/22.9.118-50000<br>4949/13.12.18-50000<br>0375/11.12.18-50000) | |
| 3 | താര രാജൻ, അനന്തു രാജൻ, മഞ്ഞക്കുഴി പുത്തൻ വീട്, നിലമേൽ | 150000<br>(4949/13.12.18-50000<br>4809/22.1.19-50000<br>6668/23.2.19-50000) | |
| 4 | ഷീജ, ശാന്താലയം, തെക്കേമുറി | 150000<br>(4949/13.12.18-50000<br>1099/22.1.19-50000<br>6668/23.2.19-50000) | |
| 5 | അമ്മിണി, അഭിജിത്ത് ബാബു, എ.എ.ഭവൻ, ഉപ്പൂട് | 100000<br>(1177/13.3.19-50000 | |

| | | | |
|---|---|---|---|
| | | 0635/24.7.19-50000) | |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ബാക്കി തുക നൽകി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ്. അടിയന്തിരമായി പണി പൂർത്തീകരിപ്പിച്ച് വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 11/19.08.19

## 1-21 ലൈഫ് പദ്ധതി

ലൈഫ് പദ്ധതി (ജനറൽ), ലൈഫ് പദ്ധതി (എസ്സ്.സി), എന്നിവയിൽ 2018-19 വർഷം 101 പേർ കരാർ വെയ്ക്കുകയും 71 പേർ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് പദ്ധതി (ജനറൽ) നുവേണ്ടി ഹഡ്കോയിൽ നിന്നും 1,2791280/- രൂപ വായ്പയെടുത്തിട്ടുണ്ട്. ആയതിൽ 71280/- രൂപ ശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | കരാർ വച്ച ഗുണഭോക്താക്കൾ | ആദ്യഗഡു മാത്രം കൈപ്പറ്റിയവർ | രണ്ടുഗഡു വരെ മാത്രം കൈപ്പറ്റിയവർ | മൂന്നു ഗഡു വരെ മാത്രം കൈപ്പറ്റിയവർ | പണിപൂർത്തിയാക്കിയവർ | ആകെ ചെലവ് |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതി (ജനറൽ) | 96 | 12 | 5 | 5 | 65 | 18920000 |
| ലൈഫ് പദ്ധതി (എസ്സ്.സി) | 9 | 1 | - | 4 | 4 | 2380000 |
| ലൈഫ് പദ്ധതി സ്പിൽഓവർ | 2 | - | - | 0 | 2 | 320000 |
| ആകെ | 107 | 13 | 5 | 9 | 71 | 21620000 |

## 1-22 2018-2019 വർഷം അലോപ്പതി വിഭാഗം മരുന്ന് വാങ്ങൽ പദ്ധതി 7,17,030 രൂപ ചെലവഴിച്ചുവെങ്കിലും -മരുന്നുകളൊന്നും ലഭ്യമായിട്ടില്ല

2018-2019 വർഷം വിവിധ മരുന്നു വാങ്ങൽ പദ്ധതികളിലായി 7,17,030 രൂപ കെ.എം.എം.സി.എല്ലിന് നമൽകിയിട്ടുണ്ടെങ്കിലും തൻവർഷം മരുന്നുകളൊന്നും ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1.അലോപ്പതി മരുന്ന് വാങ്ങൽ

| | |
|---|---|
| പദ്ധതി നമ്പർ | എസ്.092/2018-2019 |
| ബിൽ നമ്പർ | 5/2018- തീയതി- 26.11.2018 |
| തുക | 3,00,000/- |

2.പാലിയേറ്റീവ് കെയർ

എ) ഉപകരണങ്ങൾ വാങ്ങൽ (1)

| | |
|---|---|
| പദ്ധതി നമ്പർ | എസ്.009/2018-2019 |
| ബിൽ നമ്പർ | 6/2018- തീയതി- 30.11.2018 |
| തുക | 98,072<br>(ഇതിൽ 90,562 രൂപ കെ.എം.എസ്.സി.എല്ലിന് നൽകി) |

ഈ പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി പി.ആർ.എഫ് 2284/09.11.2018 പ്രകാരം 90,562 രൂപ 30.11.2018 ൽ കെ.എം.എസ്.സി.എല്ലിന് നൽകി. ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

ബി) <u>മരുന്ന് വാങ്ങൽ പാലിയേറ്റീവ് കെയർ (2)</u>

| | |
|---|---|
| പദ്ധതി നമ്പർ | എസ്.009/2018-2019 |
| ബിൽ നമ്പർ | 7/2018- തീയതി- 31.12.2018 |
| തുക | 3,00,000/- |

ഈ പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി പി.ആർ.എഫ് 3500/24.12.2018 പ്രകാരം 3,00,000 രൂപ 31.12.2018 ൽ കെ.എം.സി.എല്ലിന് നൽകിയിരിക്കുന്നു. മരുന്നുകൾ ലഭ്യമായിട്ടില്ല.

സി) <u>മരുന്ന് വാങ്ങൽ പാലിയേറ്റീവ് കെയർ (3)</u>

| | |
|---|---|
| പദ്ധതി നമ്പർ | എസ്.009/2018-2019 |
| ബിൽ നമ്പർ | 9/2018- തീയതി- 28.03.2019 |
| തുക | 26,468/- |

ഈ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിലേയ്ക്കായി പി.ആർ.എഫ് 679/23.03.2019 പ്രകാരം 26,468 രൂപ 28.03.2019 ൽ കെ.എം.സി.എല്ലിന് നൽകിയിരിക്കുന്നു. മരുന്നുകൾ ലഭ്യമായിട്ടില്ല.

മേൽ പദ്ധതികളിലായി ആകെ 7,17,030 രൂപ മരുന്നുകൾക്കും ഉപകരണങ്ങൾക്കുമായി 2018-2019ൽ ചെലവഴിച്ചുവെങ്കിലും മരുന്നുകളോ ഉപകരണങ്ങളോ ലഭ്യമായിട്ടില്ല

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മരുന്നുകളൊന്നും ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നാണ്. അത്യന്തം പരിഗണന അർഹിക്കുന്ന പാലിയേറ്റീവ് മേഖലയിൽ പോലും തുക നൽകി 6 മാസമായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല എന്നത് ഗുരുതരമായി കാണുന്നു. മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ, തീയതി | 16/19.08.2017 |

## 1-23 എം.ജി.എൻ.ആർ.ഇ.ജി.എസ്സ് വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ -അനുബന്ധരേഖകളില്ല.

- 314/24.11.2017

- 019/18-19,24.04.2018

ആകെ ചെലവ് - 208941/-

ഹരിത കേരളത്തിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ വൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ എന്ന പദ്ധതി നടപ്പിലാക്കി. കല്ലട ടൗൺവാർഡിൽ വൃക്ഷതൈകൾ വച്ചു പിടിപ്പിക്കുന്നതിനായി 771 മനുഷ്യദിനങ്ങൾക്കായി 208941/-രൂപ തൊഴിൽകൂലി നൽകിയിട്ടുണ്ട്. ഓരോരുത്തരും സ്വന്തമായി സമാഹരിച്ച വൃക്ഷതൈകൾ നടുന്നതിനുള്ള കൂലിയായിട്ടാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ എത്ര തൈകൾ സമാഹരിച്ചിട്ടുണ്ടെന്നും എത്ര തൈകൾ നട്ടിട്ടുണ്ട് എന്നുള്ള വിവരങ്ങളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥലപരിശോധനയിൽ ഇത്തരത്തിൽ തൈകൾ നട്ടതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഒരു തൊഴിലുറപ്പ് മേറ്റിന്റെ വീട്ടിൽ നടത്തിയ സ്ഥലപരിശോധനയിൽ രണ്ട് തെങ്ങിൻതൈകളും ഒരു പറങ്കിമാവും നട്ടതായി ബോധ്യപ്പെട്ടു. തൊഴിലുറപ്പ് തൊഴിലാളികൾ 2017-18 വർഷത്തെ പ്രോജക്ട് പ്രകാരം ലഭ്യമായ തെങ്ങിൻതൈകൾ കൂടി നട്ടതിന്റെകൂലി ഉൾപ്പെടെയാണ് ടി ചെലവെന്ന് മേറ്റ് നേരിൽ മറുപടി നൽകി. എന്നാൽ എത്ര തെങ്ങിൻതൈകൾ ലഭിച്ചു എന്നും എത്ര എണ്ണം നട്ടിട്ടുണ്ട് എന്നുമുള്ള വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്തതിന്റേയും ആയതിന് വാടക നൽകിയതിന്റേയും കണക്കുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. എം.ബുക്കിന്റെ രേഖപ്പെടുത്തലുകളിൽനിന്നും തൈകൾ നടുന്നതിന് എത്ര കുഴികൾ എടുത്തിട്ടുണ്ട് എന്നുള്ള വിവരം ലഭ്യമാകാത്തതിനാൽ ഓരോരുത്തരും നട്ട തൈകളുടെ വിവരം കൃത്യമായും സൂക്ഷിക്കേണ്ടതായിരുന്നു.

ടി വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൃഷി ഓഫീസുമായി ബന്ധപ്പെടുത്തി നടപ്പാക്കിയ വൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ എന്ന പദ്ധതിയ്ക്ക് കൃഷിഓഫീസിൽ നിന്നും തെങ്ങിൻതൈകൾ ലഭിച്ചിട്ടുണ്ടെന്നും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ നഴ്സറിനിർമ്മാണം എന്ന പ്രവർത്തിയിലൂടെ ഉത്പാദിപ്പിച്ച തെങ്ങിൻ തൈകളും പ്രാദേശികമായി ശേഖരിച്ച തൈകളും ഉപയോഗിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കി.

എം.ജി.എൻ.ആർ.ഇ.ജി.എസ്സ് പ്രവർത്തികളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഫയലിൽ ഉൾപ്പെടുത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും ശരിയായ മോണിറ്ററിംഗ് നടത്തി അവലോകനം ചെയ്യേണ്ടതുമാണ്.

തെങ്ങിൻതൈകൾ ലഭ്യമായ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയ ഒരു രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും ലഭ്യമാക്കിയെങ്കിലും ഒരു വാർഡിനു മാത്രമാണ് കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരം

പ്രവർത്തികളിൽ തൈകൾ ലഭ്യമാകുന്നതിന്റെ ഉറവിടം, വിതരണം നടത്തിയത് ആർക്ക് എന്നിവ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതും തൈകൾ നടുന്നതിന് എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾ ഉൾപ്പെടുന്നെങ്കിൽ കൃത്യമായ വിവരണങ്ങൾ എം.ബുക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-24 ആസ്തികൾ സംരക്ഷിക്കപ്പെടുന്നില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളും ഷെഡുകളും ഉപയോഗരഹിതമായി നശിച്ചുപോകുന്ന നിലയിൽ കാണുന്നു. കല്ലടമാർക്കറ്റിനുള്ളിൽ നിർമ്മിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ സെന്ററുമായി (ഹരിതകേരളം) നടത്തിയ സ്ഥലപരിശോധനയിൽ മാർക്കറ്റിനുള്ളിലെ കടമുറികൾ പെയിന്റടിക്കാതെയും ഷട്ടറുകൾ തുരുമ്പെടുത്തും പഴകിയ നിലയിലാണ് സ്ഥിതി ചെയ്യുന്നത്.ഇത്തരത്തിലുള്ള 9 കടമുറികളിൽ 2 എണ്ണം ഷട്ടറുകൾ പൊളിഞ്ഞും ഉപയോഗശൂന്യമായി കിടക്കുന്നു.7 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതായി വാടകരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യവ്യാപാരത്തിന് ഉപയോഗിക്കുന്ന കോൺക്രീറ്റ് ഷെഡും അതിനുള്ളിൽ നിർമ്മിച്ചിരുന്ന കോൺക്രീറ്റ് ബെഞ്ചുകളും കാട്ടുമൂടിയ നിലയിലാണ്. മത്സ്യകച്ചവടക്കാർ ഷെഡിനു പുറത്തുള്ള നടുമുറ്റമാണ് കച്ചവടത്തിനായി ഉപയോഗിക്കുന്നത്.

ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിക്കുന്ന ആസ്തികൾ സംരക്ഷിക്കുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് വീഴ്ചയുണ്ടായതായി കാണുന്നു.മുൻകാലങ്ങളിൽ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന മാർക്കറ്റാണ് കല്ലടമാർക്കറ്റ്. ആവശ്യമായ മെയിന്റനൻസ് നടത്തി ആസ്തി സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .





## 1-25 അനധികൃതമൊബൈൽടവർ - നാളിതു വരെ കെട്ടിടനികുതി ഡിമാന്റ്ചെയ്ത് ഈടാക്കിയിട്ടില്ല ,വരവിനത്തിൽ നഷ്ടം - 1,89,525/- രൂപ

നാലാംവാർഡിൽ സ്ഥിതിചെയ്യുന്ന ബി.എസ്സ്.എൻ.എൽ ന്റെ ഉടമസ്ഥതയിലുള്ള IV/567/UA നമ്പർ മൊബൈൽടവറിന്റെ വസ്തുനികുതി നാളിതുവരെ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ടി മൊബൈൽടവർ UA നമ്പർ നൽകി UA രജിസ്റ്ററിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററിൽ ടവർ സ്ഥിതിചെയ്യുന്ന വസ്തുഉടമയുടെ പേരാണ് കെട്ടിടഉടമയുടെ പേരായി രേഖപ്പെടുത്തിയിട്ടുള്ളത് ഫയൽ പരിശോധിച്ചതിൽ 24.02.2018 ലെ k2 – 2017/2018 കത്ത് പ്രകാരം ടവർ സ്ഥിതിചെയ്യുന്ന വസ്തുവിന്റെ ഉടമയായ ശ്രീ. നൈനാൻചാക്കോ, ബോബി സദനം,ഉപ്പൂട്,ന് ഡിമാന്റ്നോട്ടീസ് നൽകി. വസ്തുനികുതി

